# THE WESTERN INDIA PLYWOODS LTD.,
## BALIAPATAM, KANNUR- 670010.

Regd. Office: BALIAPATAM, KERALA, INDIA
Tel: 2778151 (4Lines), Fax: 04972778181
Email: westernply@gmail.com/ mail@wipltd.in
Website: www.wipltd.in, CIN-L20211 KL 1945PLC001708


## അറിയിപ്പ്

ഇൻവെസ്റ്റർ എഡ്യുക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഫണ്ട് അതോറിറ്റി (അക്കൗണ്ടിംഗ്, ഓഡിറ്റ്, ട്രാൻസ്ഫർ ആന്റ് റീഫണ്ട്), റൂൾസ്, 2016 അനുസരിച്ച് കമ്പനിയുടെ ഓഹരി ഉടമകൾക്കായി നൽകുന്ന അറിയിപ്പ്.

കമ്പനീസ് ആക്ട് 2013-ലെ നിലനിൽക്കുന്ന വ്യവസ്ഥകളനുസരിച്ച് 2009-10 ധനകാര്യ വർഷത്തേയ്ക്കുള്ള അവകാശപ്പെടാത്ത ഡിവിഡന്റു(കൾ) ഇൻവെസ്റ്റർ എഡ്യുക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഫണ്ടിലേയ്ക്ക് (ഐഇപിഎഫ്) 25.09.2017 നു ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ഈ ഡിവിഡന്റുകൾ പ്രഖ്യാപിക്കുകയും നൽകുകയും ചെയ്തതിനുശേഷം ഏഴുവർഷം കഴിഞ്ഞിട്ടും ഇവ അവകാശപ്പെടാത്ത സാഹചര്യത്തിലാണ് ഈ നടപടി.

ഐഇപിഎഫ് നടത്തുന്നതിന് ഇൻവെസ്റ്റർ എഡ്യുക്കേഷൻ ആന്റ് പ്രൊട്ടക്ഷൻ ഫണ്ട് അതോറിറ്റി സ്ഥാപിച്ചുകൊണ്ടുള്ള ചട്ടങ്ങൾ ഈയിടെ ഇന്ത്യാ ഗവൺമെന്റ് 07.09.2016 ന് പ്രാബല്യത്തിലാക്കിയിട്ടുണ്ട്. ഇതിലെ ചട്ടങ്ങൾ/ഭേദഗതികൾ അനുസരിച്ച്, കഴിഞ്ഞ 'ഏഴുവർഷമായി ഡിവിഡന്റുകൾ അവകാശപ്പെടാത്ത ഏതൊരു ഓഹരി ഉടമയുടേയും ഓഹരികളെല്ലാം ഐഇപിഎഫ് ഡിമാറ്റ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. അതിനാൽ 2009-10 വർഷം മുതൽ കഴിഞ്ഞ ഏഴുവർഷമായി അവകാശപ്പെടാതെ കിടക്കുന്ന ഡിവിഡന്റുകൾക്കാധാരമായ ഓഹരികളെല്ലാം മേൽപറഞ്ഞ വിജ്ഞാപനമനുസരിച്ച് ഐഇപിഎഫ് ഡിമാറ്റ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതുണ്ട്.

ഐഇപിഎഫ് അക്കൗണ്ടിലേക്ക് മാറ്റാൻ വിധേയപ്പെട്ട ഓഹരികൾ സർട്ടിഫിക്കറ്റായി കൈവശം വച്ചിരിക്കുന്ന ഓഹരിയുടമകളുടെ കാര്യത്തിൽ, അവ ചട്ടമനുസരിച്ച് ഐഇപിഎഫ് ഡിമാറ്റ് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിനായി ഈ ഓഹരികളുടെ ഡ്യുപ്ലിക്കേറ്റ് ഓഹരി സർട്ടിഫിക്കറ്റു(കൾ) കമ്പനി നൽകുന്നതായിരിക്കും. അപ്രകാരം ഡ്യുപ്ലിക്കേറ്റ് ഓഹരികൾ പുറപ്പെടുവിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട യഥാർത്ഥ ഓഹരി സർട്ടിഫിക്കറ്റുകൾ സ്വാഭാവികമായി റദ്ദാക്കപ്പെടുന്നതും ക്രയവിക്രയത്തിനു യോഗ്യമല്ലായിത്തീരുന്നതുമാണ്. ബന്ധപ്പെട്ട ഓഹരിഉടമകളുടെ ഡിമാറ്റ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഓഹരികളും മേൽപറഞ്ഞചട്ട

ങ്ങളനുസരിച്ച് ഐഇപിഎഫ് അക്കൗണ്ടിലേക്കു കൈമാറുന്നതാണ്. ചട്ടങ്ങളനുസരിച്ച് ഓഹരികൾ ഐഇപിഎഫ് ഡിമാറ്റ് അക്കൗണ്ടിലേക്കു മാറുന്നതിനുവേണ്ടിയുള്ള ഡിമാറ്റ് ഓഹരികളുടെ കൈമാറ്റവും ഡ്യൂപ്ലിക്കേറ്റ് ഓഹരി സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട മതിയായ അറിയിപ്പായി കമ്പനി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരങ്ങൾ പരിഗണിക്കപ്പെടുമെന്നും ഓഹരിയുടമകൾ അറിഞ്ഞിരിക്കേണ്ടതാണ്.

കഴിഞ്ഞ ഏഴുവർഷമായി ഡിവിഡന്റുകൾ അവകാശപ്പെടാത്ത ഓഹരി ഉടമകളുടെ ലഭ്യമായ ഏറ്റവും പുതിയ വിലാസത്തിൽ കമ്പനി വ്യക്തിപരമായി അറിയിപ്പുകൾ റജിസ്റ്റേഡ് തപാലിൽ അയച്ചിട്ടുള്ളതാണ്.

കഴിഞ്ഞ ഏഴുവർഷമായി ഡിവിഡന്റുകൾ അവകാശപ്പെടാത്ത ഓഹരി ഉടമകൾക്ക് കൂടുതൽ വിവരങ്ങൾ അറിയുകയും അവകാശപ്പെടാത്ത ഡിവിഡന്റുകൾക്ക് സാധുവായ അവകാശങ്ങളുന്നയിക്കുകയും ചെയ്യാവുന്നതുമാണ്. 2017 നവമ്പർ,24 നുള്ളിൽ സാധുവായ അവകാശങ്ങളൊന്നും ഉന്നയിക്കാതിരുന്നാൽ കഴിഞ്ഞ ഏഴുവർഷമായി അവകാശപ്പെടാത്ത ഡിവിഡന്റുകൾക്കാധാരമായ ഓഹരികൾ മേൽപറഞ്ഞ ചട്ടങ്ങളനുസരിച്ച് ഐഇപിഎഫ് ഡിമാറ്റ് അക്കൗണ്ടിലേക്ക് കൈമാറുന്നതായിരിക്കും. കൂടാതെ, മേൽപറഞ്ഞചട്ടങ്ങളിലെ ചട്ടം 6 (3) അനുസരിച്ച്, കൈമാറ്റത്തിന് അർഹമായിട്ടുള്ള ഓഹരികളുടെ പേര്, വിലാസം, ഫോളിയോ നമ്പർ, ഡിപി ഐഡി-ക്ലയന്റ് ഐഡി, ഓഹരികളുടെ എണ്ണം തുടങ്ങിയവയുടെ വിശദാംശങ്ങളടങ്ങിയ പ്രസ്താവന കമ്പനിയുടെ വെബ്സൈറ്റായ www.wipltd.in -ൽ ഓഹരി ഉടമകളുടെ അറിവിനും ആവശ്യമായ നടപടികൾക്കുമായി ലഭ്യമാക്കിയിട്ടുണ്ട്. ഓഹരികൾ/ ഡിവിഡന്റുകൾ ഐഇപിഎഫിലേക്കു കൈമാറി കഴിഞ്ഞതിനുശേഷവും അവ അവകാശപ്പെടാൻ ഏതെങ്കിലും ഓഹരി ഉടമകൾ ആഗ്രഹിക്കുന്നപക്ഷം ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ഫോറം ഐഇപിഎഫ്- 5ൽ ഐഇപിഎഫ് അതോറിറ്റിക്ക് അപേക്ഷനൽകേണ്ടതാണ്. ഈ ഫോറം www.iepf.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സിനുവേണ്ടി,

ആർ.ബാലകൃഷ്ണൻ

സ്ഥലം. വളപട്ടണം ജനറൽ മാനേജർ (ഫിനാൻസ്) & കമ്പനി സിക്രട്ടറി

തീയതി. 26.10.2017